NEW HORIZON COLLEGE LIBRARY KASTURINAGAR BANGALORE-43

**SN – 137**

# I Semester B.C.A./B.Sc. (F.A.D.) Examination, Nov./Dec. 2013
## (Freshers + Repeaters Scheme)
## (2010-11 & Onwards)
## MALAYALAM LANGUAGE (Paper – I)

Time : 3 Hours Max. Marks : 90/100

***Instructions** : 1) **100** marks for the students admitted during 2011-12 **(Freshers) only**.*

*2) **90** marks for the students prior to 2011-12 (**Repeaters**).*

*3) Question No. **VI** is **only** for the **freshers**.*

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക : **(4×5=20)**

1) 'കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി'

2) 'പിടഞ്ഞു മണ്ടിനില്ക്കുന്നു പിടിച്ചു തൂനീർത്തിളങ്ങും
സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ'

3) 'കരപറ്റി നിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ –
ക്കരയന്നപ്പിടപോലെ നടന്നു പോയി'

4) 'ഉടനെ ചക്രങ്ങൾ നിലത്തുമുരുള്ളുമൊച്ചകൾകൂട്ടി
പ്പൊടിപൊങ്ങിച്ചു വീഥിയിൽ വടക്കുനിന്നും'

5) 'വെളിയിടങ്ങളും വായ്ക്കും സ്ഥലം കാണാം ശൂന്യതയ്ക്കു
കളിപ്പാനൊരുക്കിയിട്ട കളം കണക്കെ'.

II. a) ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നര**പുറത്തിൽ) : **(2×8=16)**

1) ചുടുകാടിന്റെ വർണ്ണന.

2) വാസവദത്ത എന്ന കഥാപാത്രം.

3) വാസവദത്തയുടെ ശോചനീയാവസ്ഥയ്ക്ക് കാരണമെന്ത് ?

b) ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നര**പുറത്തിൽ) : **(2×8=16)**

1) ബുദ്ധു എന്ന കഥാപാത്രം.

2) രശ്മി എന്ന കഥാപാത്രം ടീച്ചറിനെ കബളിപ്പിച്ചതാണോ ?

3) 'മഞ്ഞി'ൽ പ്രകൃതിയുടെ പ്രസക്തി എന്ത് ?

P.T.O.

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ) : **(1×15=15)**

1) 'കരുണ' എന്ന പേരിന്റെ ഔചിത്യം വ്യക്തമാക്കുക.

2) ആശാന്റെ സ്നേഹസങ്കല്പം 'കരുണ' എന്ന കൃതിയെ അടിസ്ഥാനമാക്കി പരിശോധിക്കുക.

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നുപുറത്തിൽ**) : **(1×15=15)**

1) 'കാത്തിരിപ്പി'ന്റെ വക്താക്കളാണ് 'മഞ്ഞ്' എന്ന നോവലിലെ കഥാപാത്രങ്ങൾ. വിലയിരുത്തുക.

2) വിമലയുടെ കുടുംബാന്തരീക്ഷം വിവരിക്കുക.

V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച്, ആശയം **മൂന്നിലൊന്നായി** സംഗ്രഹിച്ചെഴുതുക. **8**

നല്ല ശീലങ്ങൾ വളരെ സാവധാനമേ ഉറയ്ക്കുകയുള്ളൂ. ദുശ്ശീലങ്ങളാവട്ടെ വളരെ വേഗം സ്വാധീനിക്കുകയും മനുഷ്യൻ അതിന് അടിമപ്പെടുകയും ചെയ്യും. അടിമയായ ഒരുവനെ പൂർവ്വരൂപത്തിലെത്തിക്കുക നന്നേ പ്രയാസമുള്ള കാര്യവും. 1603-ൽ ഇംഗ്ലണ്ടിന്റെ സിംഹാസനത്തിൽ കയറിയ ജയിംസ് ഒന്നാമന്റെ ഒരു വാക്യമുണ്ട്. പുകവലിക്കാർ ആ വാക്കുകൾ ഓർമ്മയിൽ വയ്ക്കുന്നതും വല്ലപ്പോഴും ഒരിക്കൽ പൊടിതട്ടി ചിന്തിക്കുന്നതും നല്ലതാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞു ! "കണ്ണിന് അറപ്പും മൂക്കിന് വെറുപ്പും തലച്ചോറിന് കഠിനക്ഷതവും ശ്വാസകോശത്തിന് ഗുരുതരമായ അപകടവും വരുത്തുന്ന ഒരു ഉപചാരമാണ് പുകവലി". പുകവലിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരികയാണ്. പുകവലി തുടങ്ങുന്നത് ഒരു രസത്തിനാണ്. കവിളിൽ പുകനിറയ്ക്കുക, ചങ്ങാതിമാർക്കിടയിൽ അന്തരീക്ഷത്തിലേക്കു പുകയൂതിയിരിക്കുക എന്നതെല്ലാം യൗവ്വനത്തിന്റെ മോഹങ്ങളാണ്. പുകവലി, ഒരു ശീലമായാൽ അതിൽ നിന്ന് ഒഴിവാകാൻ കഠിനയത്നം ചെയ്യണം. മനസ്സ് സംഘർഷഭരിതമാകുമ്പോൾ ഒരു കവിൾ പുക ആശ്വാസം തരുന്നുവെന്ന് നമുക്ക് തോന്നുകയാണ്. പുകയിലയിലെ വിഷവസ്തുക്കൾ നമ്മുടെ ശരീരത്തിന്റെ ശക്തിയെ ക്ഷയിപ്പിക്കുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. 'നിക്കോട്ടിൻ' എന്ന വിഷാംശമാണ് പുകയിലയിൽ അടങ്ങിയിരിക്കുന്നത്. പുകവലിക്കുമ്പോൾ വളരെ ചെറിയ ഒരംശം മാത്രമേ നമ്മുടെ രക്തത്തിൽ കലരുന്നുള്ളൂ. മനുഷ്യശരീരത്തിനു പ്രതിരോധശേഷിയുള്ളതുകൊണ്ട് അപകടം കുറയുന്നു. പുകവലി കൊണ്ട് പ്രധാനമായും തകരുന്നത് കരളും ശ്വാസകോശവുമാണ്. വിദ്യാലയങ്ങളാണ് പുകവലിയുടെ ഈറ്റില്ലം. ബോധവൽക്കരണം അവിടെ നിന്നാരംഭിക്കണം. മുതിർന്നവർ പുകവലിശീലം ഒഴിവാക്കണം. പുകവലി നിയമം മൂലം നിരോധിക്കാൻ സർക്കാർ ശ്രമിച്ചുവെങ്കിലും ഇന്നും ജനങ്ങൾ പുകവലിയിൽ അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്.

VI. **ഒരു** വിഷയത്തെക്കുറിച്ച് വിവരിക്കുക. **10**

1) പ്ലാസ്റ്റിക് മാലിന്യങ്ങൾ – സാമൂഹ്യവിപത്ത്.

2) ബാലവേല.

---